പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 445 19.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. ക്ക് ലഭിക്കുന്ന സാമ്പത്തിക സഹായങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |

| | | | |
| --- | --- | --- | --- |
| (എ) | കെ.എസ്.ആർ.ടി.സി. യുടെ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) | ഡീസൽ വിലവർദ്ധനവിലൂടെ പ്രതിസന്ധി ഉണ്ടായപ്പോൾ രണ്ട് മാസത്തെ അധിക ബാദ്ധ്യതയായ 28 കോടി രൂപ കെ.എസ്.ആർ.ടി.സി. യ്ക്ക് അനുവദിച്ചു. കൂടാതെ സ്പെഷ്യൽ പാക്കേജ് ഇനത്തിൽ 50 കോടി രൂപയും, മാർച്ച് മാസത്തിൽ 25 കോടി രൂപയും അനുവദിക്കുകയുണ്ടായി. ആധുനിക വൽക്കരണത്തിന്റെ ഭാഗമായി പുതിയ ഇ.ടി.എം. മെഷീനുകൾ വാങ്ങുന്നതിനും ബസ്സുകളിൽ GPS സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചു വരുന്നു. ഡ്രൈവർമാർ ഉൾപ്പെടുള്ള ജീവനക്കാർക്ക് നൽകുന്ന പ്രായോഗിക പരിശീലനം ബസ്സുകളുടെ ഇന്ധനക്ഷമത വർദ്ധിപ്പിക്കൽ, സ്പെയർ പാർട്സ്, ടയർ മുതലായവയുടെ ഉപഭോഗം കുറയ്ക്കുന്നത് തുടങ്ങിയ കാര്യങ്ങളിൽ സത്വര നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമൂലം ചെലവിൽ കാര്യമായ കുറവുണ്ടാകുന്നതാണ്. |
| (ബി) | ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ആർ.ടി.സി.ക്ക് എത്ര തുക സാമ്പത്തികസഹായം ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) | ഈ സർക്കാർ 2011-12 സാമ്പത്തിക വർഷം കെ.എസ്.ആർ.ടി.സി. യ്ക്ക് 140 കോടി രൂപ വായ്പയായും 42 കോടി രൂപ പദ്ധതി വിഹിതമായും, 32 കോടി രൂപ ഗ്രാന്റായും അനുവദിച്ചിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം 150 കോടി രൂപ വായ്പയായും, 57.07 കോടി രൂപ പദ്ധതി വിഹിതമായും, 28 കോടി രൂപ ഗ്രാന്റിന ത്തിലും അനുവദിച്ചിട്ടുണ്ട്. ഇതിനുപുറമെ 25 കോടി രൂപ, കെ.എസ്.ആർ.ടി.സി. യുടെ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനായി ഭരണാനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അനുവദിച്ച തുക ഏതെല്ലാം ആവശ്യങ്ങൾക്കാണ് ഉപയോഗിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ? | (സി) | 2011-12 സാമ്പത്തിക വർഷം സർക്കാർ കെ.എസ്.ആർ.ടി.സി. യ്ക്ക് വായ്പ, ഗ്രാന്റ് എന്നീ ഇനങ്ങളിൽ അനുവദിച്ച തുകയായ 172 കോടി രൂപ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിനായാണ് വിനിയോഗിച്ചിട്ടുള്ളത്. പദ്ധതി വിഹിതമായി അനുവദിച്ച തുകയായ 42 കോടി രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചു.<br>2012-13 സാമ്പത്തിക വർഷം പദ്ധതി വിഹിതമായി അനുവദിച്ച തുകയായ 57.07 കോടി രൂപ വിവിധ പദ്ധതി പ്രവർത്തനങ്ങൾക്കാണ് വിനിയോഗിച്ചിട്ടുള്ളത്. ഗ്രാന്റിനത്തിൽ അനുവദിച്ച 28 കോടി രൂപ, ഡീസൽ വില വർദ്ധനവ് മൂലം കെ.എസ്.ആർ.ടി.സി.യ്ക്ക് രണ്ട് മാസക്കാലയളവിൽ ഉണ്ടാകുന്ന നഷ്ടം നികത്തുന്നതിനാണ് വിനിയോഗിക്കുന്നത്. സർക്കാർ വായ്പയായി അനുവദിച്ച 100 കോടി രൂപ ജീവനക്കാരുടെ ശമ്പളം, മറ്റ് അലവൻസുകൾ തുടങ്ങിയവ നൽകുന്നതിനായാണ് വിനിയോഗിക്കുന്നത്. സ്പെഷ്യൽ പാക്കേജിനത്തിൽ വായ്പയായി അനുവദിച്ച 50 കോടി രൂപ, പുതിയ ബസ്സുകൾ വാങ്ങുന്നതിനും, എം.എ.സി.റ്റി. നഷ്ടപരിഹാര തുക നൽകുന്നതിനും, ഷോപ്പിംഗ് കോംപ്ലക്സുകളുടെ പ്രാരംഭ നിർമ്മാണ പ്രവർത്തനങ്ങൾക്കുമായാണ് വിനിയോഗിക്കുന്നത്. |

സെക്ഷൻ ഓഫീസർ